നമ്പർ 297/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ**

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ 79-ാം ഓർമ്മപ്പെരുന്നാൾ ഡിസംബർ മാസം 16, 17 (ഞായർ, തിങ്കൾ) എന്നീ തീയതികളിൽ ആണല്ലോ. വിശുദ്ധ ജീവിതം കൊണ്ട് ജനഹൃദയങ്ങളിൽ സജീവമായി നിലകൊള്ളുന്ന ഒരു പരിശുദ്ധനാണ് ആ പുണ്യപിതാവ്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നവർക്ക് അനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കുന്നുണ്ട്. സഭയുടെ ഒരു പൊതു തീർത്ഥാടന കേന്ദ്രമായ ദയറായും, കബറിടവും സഭാംഗങ്ങൾ എല്ലാവരും സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. പെരുന്നാളിൽ ആ പള്ളിയിൽ നിന്നും വൈദികരും ജനങ്ങളും പങ്കെടുക്കത്തക്ക വിധം തീർത്ഥയാത്രാസംഘങ്ങൾ ക്രമീകരിക്കണം. നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും ഈ പെരുന്നാളിൽ സംബന്ധിച്ച് കാർമികത്വം വഹിക്കുന്നതാണ്.

പെരുന്നാൾ സംബന്ധമായ എല്ലാ പരിപാടികളിലും നിങ്ങളേവരും നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമിപ്പിക്കുന്നു. കൂടാതെ ആ പള്ളിയിൽ വിശുദ്ധ കുർബ്ബാനയിൽ ആ പിതാവിനെ ഓർക്കുകയും പ്രത്യേകം ധൂപപ്രാർത്ഥന നടത്തുകയും ചെയ്യണം. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ

ശേഷം പിന്നാലെ,
സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2007 നവംബർ മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.